കലാ കായിക രംഗത്തെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുവാൻ നൽകുന്ന സഹായങ്ങൾ

126 [2300] ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
,, സാജുപോൾ.
,, പി. സി. ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ കലാകായിക രംഗത്തെ അഭിരുചി പ്രോത്സാഹിപ്പിക്കുവാനും, യുവജനക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടിയും സർക്കാർ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം കൃത്യമായി അനുവദിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കഴിഞ്ഞ ഒരു വർഷത്തിനകം നൽകിയിട്ടുള്ള സാമ്പത്തിക സഹായങ്ങൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യുവജനങ്ങളുടെ കലാകായിക രംഗത്തെ അഭിരുചി പ്രോത്സാഹിപ്പിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എല്ലാ വർഷവും കേരളോത്സവം സംഘടിപ്പിച്ചുവരുന്നു. യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന യുവജനക്ഷേമ വകുപ്പിൽനിന്നും സഹായം ലഭിക്കാറില്ല. കളിസ്ഥലം നിർമ്മിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടിയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ക്ലബ്ബുകൾക്കും ധനസഹായം നൽകുന്ന പദ്ധതി കായിക ക്ഷേമ വകുപ്പിൽ നിലവിലുണ്ട്.

(ബി) കായിക ക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശ ഭരണ വകുപ്പിൽനിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) ഇത്തരം പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകാവുന്നതാണ്.

(ഡി) സാമ്പത്തിക സഹായങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

റോഡ് വികസനത്തിന് ലോകബാങ്ക് ധനസഹായം

127 [2316] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. ജയരാജൻ:
ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിന് ലോകബാങ്കുമായി സംസ്ഥാന സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly